ആയിരംതെങ്ങ് മത്സ്യഗവേഷണകേന്ദ്രം.

300. [8] ശ്രീമതി കെ. ഓ. ഐഷാബായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരംതെങ്ങു് മത്സ്യഗവേഷണകേന്ദ്രം ആരംഭിച്ചതെന്നാണു്;

(ബി) ഇതു് നിറുത്തലാക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(സി) നിറുത്തലാക്കരുതെന്നുകാണിച്ചു് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം.

(എ) 1947–ൽ.

(ബി) ഈ കേന്ദ്രം കേരള യൂണിവേഴ്സിറ്റിയുടെ കീഴിലാണു്. അതു നിർത്തലാക്കണമെന്നു് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ ഒരു കമ്മിറ്റി ശുപാർശ ചെയ്തിരുന്നതു് സിൻഡിക്കേറ്റു് അംഗീകരിച്ചിട്ടുണ്ടു്.

(സി) ലഭിച്ചിട്ടുണ്ടു്.

(ഡി) അതിനെപ്പറ്റി തീരുമാനമെടുക്കേണ്ടതു് യൂണിവേഴ്സിറ്റിയാണു്. ഗവണ്മെൻറിനു് ലഭിച്ച നിവേദനം യൂണിവേഴ്സിറ്റിക്കു് അയച്ചുകൊടുത്തിട്ടുണ്ടു്.

അസോസിയേഷനിൽനിന്നും നിവേദനം.

301. [9] ശ്രീ. ടി എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സോയിൽ കൺസർവേഷൻ സ്റ്റാഫു് അസോസിയേഷൻ പ്രസിഡൻറിൽനിന്നും സോയിൽ കൺസർവേഷൻ പ്രസിഡൻറിൽനിന്നും സോയിൽ കൺസർവേഷൻ ഓവർസിയേഴ്സിനെ സോയിൽ കൺസർവേഷൻ അസിസ്റ്റൻറുകളായി പ്രമോട്ടു ചെയ്യണമെന്നുകാണിച്ചു് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എന്നൊക്കെ, എത്രയെണ്ണം, അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) ലാൻറ്റഡവലപ്പുമെൻറു ബോർഡിൽനിന്നും മൂന്നുകൊല്ലത്തെ സർവ്വീസുള്ള ഓവർസീയർമാരെ സോയിൽ കൺസർവേഷൻ അസിസ്റ്റൻറുകളായി നിയമിക്കണമെന്നു കാണിച്ചു് ശുപാർശ ചെയ്യുകയുണ്ടായോ ;

(ഡി) ഉണ്ടെങ്കിൽ ആ ശുപാർശയെപ്പറ്റി എന്തു തീരുമാനം ചെയ്തു ;

(ഈ) സയൻസു് ഗ്രാഡുവേറ്റുകളുടെ മൂന്നുകൊല്ലത്തെ സർവ്വീസും സോയിൽ കൺസർവേഷൻ ടെയിനിങ്ങുമുള്ള ഓവർസീയേഴ്സിനെ അസിസ്റ്റൻറുകളായി പ്രമോട്ടു ചെയ്യുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) രണ്ടെണ്ണം, അസോസിയേഷൻറെ സെക്രട്ടറിയിൽനിന്നും 20–7–1962–ൽ ഒരു നിവേദനം ലഭിച്ചു. അതു പരിഗണിച്ചശേഷം 16–8–1962–ൽ മറുപടി കൊടുത്തു. 23–9–1963–ൽ പ്രസിഡൻറിൽനിന്നും ഒരു നിവേദനം ലഭിച്ചു. 30–10–1963–ൽ അതിനും മറുപടി കൊടുത്തിട്ടുണ്ടു്.

(സി) ചെയ്തിട്ടുണ്ടു്.

(ഡി) അതു പരിഗണനയിലിരിക്കുകയാണു്.

(ഈ) ഈ കാര്യം പരിഗണനയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. Question hour is over.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

i. Delay in the Completion of Edathua Thakazhi Road.

ശ്രീ. തോമസ് ജോൺ : സർ, മെയിൻ സെൻട്രൽ റോഡും, വെസ്റ്റേൺ കോസ്റ്റൽ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റോഡാണ് അമ്പലപ്പുഴ-തിരുവല്ലാ റോഡ്. കഴിഞ്ഞ 50 കൊല്ലമായി ജനങ്ങൾ നടത്തിയ നിവേദനങ്ങളുടെ ഫലമായിട്ടുണ്ടായതാണ് ഈ റോഡ്. തലവടി, തകഴി, കോഴിമുക്ക് മുതലായ പ്രധാന ഗ്രാമങ്ങൾ കടന്നുപോകുന്നതാണ് ഈ റോഡ്. 1958-ൽ ഈ റോഡിന്റെ ഉൽഘാടനം അന്നു മന്ത്രിയായിരുന്ന ശ്രീ. മജീദാണ് നടത്തിയത്. എടത്വാ മുതൽ തകഴി വരെയുള്ള റോഡ് പൂർത്തിയാകാതിരിക്കുമ്പോഴാണ് ഈ റോഡിന്റെ ഉൽഘാടനം ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. ഈ റോഡ് പൂർത്തിയാക്കണമെന്നും തകഴി മെമ്പറും കുട്ടനാട്ടിലെ ജനങ്ങളും നിവേദനം നടത്തുകയുണ്ടായിട്ടുണ്ട്. എടത്വാ-തകഴി റോഡിൽ പണിത പാലങ്ങൾ ശരിയായി ഗവേഷണം നടത്താതെ പണിതതുകൊണ്ട് അതിൽ ഒന്നരണ്ടു പാലം താഴോട്ടതാണുകൊണ്ടാണിരിക്കുന്നത്. ഇതു സംബന്ധിച്ചു നിവേദനം നടത്തിയപ്പോൾ അന്നു ഇറിഗേഷൻ ചീഫ് ഇൻജിനീയരായിരുന്ന ശ്രീ. സി. എസ്. പദ്മനാഭയ്യരെ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനു ഗവണ്മെന്റ് നിയോഗിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ എടത്വാ-തകഴി റോഡിലുള്ള പാലങ്ങൾക്കു തകരാറുകൾ ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്. അതിനുശേഷം വീണ്ടും ജനങ്ങൾ നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായി ചില ഗവേഷണങ്ങൾ പുനയിലും മറ്റും നടത്തുന്നതാണെന്നു ചീഫ് ഇൻജിനീയർ പറയുകയുണ്ടായി. ഏതാണ്ടു രണ്ടു കൊല്ലത്തോളമായിട്ടും ഇതുവരെയും എടത്വാ-തകഴി റോഡു പണി സംബന്ധിച്ചു് ഒന്നും നടന്നുകണ്ടില്ല. എടത്വാ മുതൽ തകഴി വരെയുള്ള റോഡ് ഗവണ്മെന്റ് 20 ലക്ഷം രൂപയോളം ചെലവുചെയ്തു 1957-ൽ നിർമ്മിച്ചതാണ്. അതിനുശേഷം ഈ റോഡിന്റെ പണി പൂർത്തിയാക്കുന്നതിനു് യാതൊരു താല്പര്യവും ഗവണ്മെന്റു പ്രദർശിപ്പിച്ചിട്ടില്ല. ഇങ്ങനെ ഈ റോഡിനെ നെഗ്ലക്റ്റു ചെയ്തുകൊണ്ട് ആ റോഡിന്റെ രണ്ടു ഭാഗത്തും റോഡു മുറിഞ്ഞു റോഡ് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നീരേറ്റുപുറം പാലം പണിതുതീർത്തിട്ടുണ്ട്. ഒന്നരണ്ടു മാസത്തിനകം അതിന്റെ ഉൽഘാടനം നടക്കുന്നതാണ്. അപ്പോൾ തിരുവല്ലാ മുതൽ ഇടത്വാവരെ ഗതാഗതസൗകര്യം ഉണ്ടാകുന്നതാണ്. അതിനുശേഷവും എടത്വാ മുതൽ തകഴിവരെയുള്ള റോഡ് സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നതു് വളരെ കഷ്ടമാണ്. ചെങ്ങന്നൂർ, കോഴഞ്ചേരി, മല്ലപ്പള്ളി, കല്ലൂപ്പാറ, റാന്നി, തിരുവല്ലാ ഈ ഭാഗത്തുള്ള ആളുകൾക്ക് അപ്പർ കുട്ടനാട് വിഭാഗത്തുള്ള ജനങ്ങൾക്കും ആലപ്പുഴ വരുന്നതിനു ഏറ്റവും സൗകര്യപ്രദമായതും, ഗവണ്മെന്റ് ലക്ഷക്കണക്കിനു രൂപാ ചെലവു ചെയ്തിട്ടുള്ളതുമായ ഈ റോഡ് ഇനിയും പൂർത്തിയാക്കുന്നില്ലെങ്കിൽ അതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനു് ഒരു കളങ്കമായി ഭവിക്കുന്നതാണ്. പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റ് മേലധികാരികളും ഈ റോഡിന്റെ പ്രാധാന്യത്തെപ്പറ്റി ഗവണ്മെന്റിനെ മനസ്സിലാക്കിയിട്ടില്ലെന്നാണ് ഞാൻ കരുതുന്നതു്. ഈ റോഡിന്റെ കാര്യത്തിൽ ഇൻജിനീയർമാർ ചെയ്തിട്ടുള്ള തെറ്റുകളും ഗവണ്മെന്റു മനസ്സിലാക്കിയിട്ടില്ലെന്നാണ് ഞാൻ കരുതുന്നതു്. അതുകൊണ്ട് ഈ കാര്യങ്ങളെപ്പറ്റി ശരിയായി അന്വേഷിച്ചു ഉടൻതന്നെ എടത്വാ മുതൽ തകഴിവരെയുള്ള റോഡ് പൂർത്തിയാക്കുന്നതിനു് വേണ്ട സത്വര നടപടികളും കൈക്കൊള്ളണമെന്നാണ് എനിക്കു് ബഹുമാനപ്പെട്ട ഗവണ്മെന്റിനെ അറിയിക്കുവാനുള്ളതു്.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) : ഇതിനു വേറെ ഒരുദിവസം മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly